# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1275　　　　03.12.2015-ൽ മറുപടി നൽകേണ്ടത്

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി ഭൂമിയില്ലാത്തവരായി എത്രപേരെ കണ്ടെത്തിയിട്ടുണ്ടെന്നും അവരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്നും ജില്ല തിരിച്ച് പറയാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളായി 2,43,928 ഭൂരഹിത കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | പട്ടിക ജാതിക്കാർ | പട്ടികവർഗ്ഗക്കാർ |
|---|---|---|
| തിരുവനന്തപുരം | 6,585 | 34 |
| കൊല്ലം | 3,363 | 19 |
| പത്തനംതിട്ട | 1,779 | 68 |
| ആലപ്പുഴ | 1,513 | 86 |
| കോട്ടയം | 1,115 | 119 |
| ഇടുക്കി | 2,543 | 63 |
| എറണാകുളം | 4,128 | 182 |
| തൃശ്ശൂർ | 4,792 | 23 |
| പാലക്കാട് | 4,229 | 311 |
| മലപ്പുറം | 3,695 | 195 |
| കോഴിക്കോട് | 456 | 15 |
| വയനാട് | 285 | 862 |
| കണ്ണൂർ | 799 | 73 |
| കാസർഗോഡ് | 566 | 176 |
| **ആകെ** | **35,848** | **2,226** |

| | | |
|---|---|---|
| (ബി) | ഇവരിൽ ഇതുവരെ എത്രപേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്നും പറയാമോ; | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 7291 ഗുണഭോക്താക്കൾക്കും പട്ടിക വർഗ്ഗത്തിൽപ്പെട്ട 495 ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരം ഇതുവരെ ഭൂമി അനുവദിച്ചിട്ടുണ്ട്. 28,557 പട്ടികജാതി ഗുണഭോക്താക്കൾക്കും 1,731 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനുള്ളതായി കാണുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുവാൻ നടപടി സ്വീകരിക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അർഹരായ മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഡി) | മുമ്പ് വിതരണം ചെയ്ത ഭൂമി വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ പരാതികൾ പരിഗണിച്ച് പരാതിക്കാർക്ക് വാസയോഗ്യമായ ഭൂമി നൽകുന്നത് എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പറയാമോ? | വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമിയാണ് പദ്ധതി പ്രകാരം നൽകുന്നത്. എന്നാൽ അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്ന് പരാതി ഉണ്ടായിട്ടുള്ള കേസുകളിൽ അവ പരിശോധിച്ച് ഭൂമി മാറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ